LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക

217 (6668) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന് വാഹനം വാങ്ങുന്നതിനു വേണ്ടി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആദ്യം എത്ര രൂപയുടെ വാഹനം വാങ്ങുന്നതിനായിരുന്നു അനുമതി നൽകിയത് ;

(ബി) അനുമതി നൽകിയതിലും കൂടുതൽ തുകയ്ക്കുള്ള വാഹനം വാങ്ങിയിട്ടുണ്ടോ ;

(സി) സർക്കാർ ഗ്രാന്റ്, ഹജ്ജ് കമ്മിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രസ്തുത വാഹനത്തിന് ഇന്ധന ഇനത്തിലും ഡ്രൈവറുടെ ദിവസവേതനം, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലും എത്ര രൂപവീതം ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ;

(ഡി) മുന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻമാരായിരുന്നവർ ഇത്തരം വാഹനം വാങ്ങിയിരുന്നോഎന്നും നിലവിൽ ഹജ്ജ് കമ്മിറ്റി ആവശ്യത്തിന് വാടകക്ക് എടുത്ത വാഹനം ഉണ്ടോയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ആദ്യ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 18/2013/ആഭ്യന്തരം തീയതി 21-1-2013 പ്രകാരം ഏഴ്-എട്ട് ലക്ഷം രൂപയുടെയും, പിന്നീട് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 93/2013/ആഭ്യന്തരം തീയതി 5-4-2013 പ്രകാരം പത്ത് ലക്ഷം രൂപയുടെയും അതിനുശേഷം സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 167/2013/ആഭ്യന്തരം തീയതി 3-7-2013 പ്രകാരം 10,18,162 രൂപയുടെ വാഹനം വാങ്ങുന്നതിന് മേൽ ഉത്തരവ് ഭേദഗതി ചെയ്ത് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഡ്രൈവറുടെ ദിവസവേതനം - 69,200 രൂപ

ഇന്ധനച്ചെലവ് - 72,758 രൂപ

മറ്റു ചെലവുകൾ - 37,562 രൂപ

(സർവ്വീസ് ചാർജ്ജ് 15,991 രൂപ, മൈലേജ് ഇൻസ്പെക്ഷൻ ഫീ 1,000 രൂപ, ഇൻഷ്വറൻസ് 14,071 രൂപ. ആക്സസറീസ് വാങ്ങിയ വകയിൽ 6,500 രൂപ)

(ഡി) വാഹനം വാങ്ങിയിട്ടില്ല. ഹജ്ജ് കമ്മിറ്റി ആവശ്യത്തിന് വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്.